بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○

# ജുമുഅഃ ഖുത്ബ സംഗ്രഹം 25.11.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

***യു.കെയിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 38

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡہِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ○

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ ജീവചരിത്രത്തിലെ വിവിധ വശങ്ങളാണ് പരാമർശിച്ചു വരുന്നത്. ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പുതന്നെ ഖുറൈശികളിലെ ഉത്തമരായ ആളുകളിൽ ഒരാളായി ഹദ്റത്ത് അബൂബക്കർ ഗണിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സൃഷ്ടിസേവനവും ദരിദ്രർക്ക് ഭക്ഷണം നൽകുന്നതും വിവരിക്കപ്പെടുന്നുണ്ട്. എന്ത് പ്രശ്നങ്ങൾ നേരിടുമ്പോഴും ആളുകൾ അദ്ദേഹത്തിൽനിന്ന് സഹായം സ്വീകരിച്ചിരുന്നു. അദ്ദേഹം മക്കയിൽ വലിയ വിരുന്നുകളും ആതിഥി സൽകാരവും നടത്തിയിരുന്നു. ജാഹിലിയ്യാ കാലഘട്ടത്തിൽ ഖുറൈശികളിലെ ഏറ്റവും പ്രമുഖരിലും ആദരണീയരിലും കണക്കാക്കപ്പെട്ടിരുന്നു. ആളുകൾ അവരുടെ പ്രശ്നങ്ങളിലും കാര്യങ്ങളിലും (പരിഹാരത്തിനായി) അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ) ദരിദ്രരോടും അഗതികളോടും അങ്ങേയറ്റം ദയ കാണിച്ചിരുന്നു. ശൈത്യകാലത്ത് പുതപ്പുകൾ വാങ്ങി ആവശ്യക്കാർക്ക് വിതരണം ചെയ്യുമായിരുന്നു.

ഖിലാഫത്ത് സ്ഥാനമേറ്റെടുക്കുന്നതിന് മുമ്പ് ഒരു അനാഥ കുടുംബത്തിലെ ആടുകളെ കറന്നിരുന്നുവെന്ന് ഒരു നിവേദനമുണ്ട്. ഖലീഫയായ ശേഷവും മദീനയിൽ സ്ഥിരതാമസമാക്കുന്നതുവരെ ആറുമാസം അദ്ദേഹം ഈ സേവനം തുടർന്നിരുന്നു.

ഹദ്റത്ത് ഉമർ(റ) മദീനയുടെ പ്രാന്തപ്രദേശത്ത് താമസിക്കുന്ന വൃദ്ധയും അന്ധയുമായ ഒരു സ്ത്രീയെ പരിചരിക്കാറുണ്ടായിരുന്നു. അദ്ദേഹം അവർക്ക് വെള്ളം കൊണ്ടുവന്ന് കൊടുക്കുകയും മറ്റു ജോലികൾ ചെയ്യുകയും ചെയ്യുമായിരുന്നു. ഒരിക്കൽ അദ്ദേഹം അവരുടെ വീട്ടിൽ ചെന്നപ്പോൾ, തനിക്കുമുമ്പ് ആരോ അവരുടെ ജോലികൾ ചെയ്തിരിക്കുന്നതായി മനസ്സിലായി. അടുത്ത പ്രാവശ്യം അദ്ദേഹം നേരത്തെ വീട്ടിൽ വന്നു; രഹസ്യമായി ഇരുന്നപ്പോൾ കാണുന്നത് വൃദ്ധയുടെ വീട്ടിൽ വരുന്നത് ഹദ്റത്ത് അബൂബക്കർ ആയിരുന്നു. അന്ന് ഹദ്റത്ത് അബൂബക്കർ ഖലീഫയായിരുന്നു. ഹദ്റത്ത് ഉമർ(റ) പറഞ്ഞു: അല്ലാഹുവാണ! ഇത് താങ്കൾ തന്നെയായിരിക്കും. ഈ നന്മയിൽ എന്നെ കടത്തിവെട്ടാൻ താങ്കൾക്ക് തന്നെയാണ് സാധിക്കുക.

ഒരു നിവേദനത്തിൽ ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ അബീബക്കർ(റ) പറഞ്ഞു: ഒരിക്കൽ പ്രവാചകൻ(സ) പറഞ്ഞു: രണ്ടുപേർക്കുള്ള ഭക്ഷണമുള്ളവർ മൂന്നാമത് ഒരാളേയും കൊണ്ടുപോകണം, നാലുപേർക്കുള്ള ഭക്ഷണമുള്ളവർ അഞ്ചാമത് ഒരാളേയും കൊണ്ടുപോകണം. ഹദ്റത്ത് അബൂബക്കർ മൂന്ന് പേരെയും തിരുനബി(സ) പത്ത് പേരെയും കൂടെ കൊണ്ടുപോയി. ഹദ്റത്ത് അബൂബക്കർ അതിഥികൾക്ക് ഭക്ഷണം വിളമ്പി. അതിഥികൾ ഭക്ഷണം കഴിച്ചതിനുശേഷവും മൂന്നിരട്ടിയോളം തോന്നിക്കുന്ന ഭക്ഷണം ബാക്കിയായിരുന്നു. ഹദ്റത്ത് അബൂബക്കർ ആ ഭക്ഷണം തിരുനബി(സ)ന്റെ വീട്ടിലേക്കു കൊണ്ടു പോയി; നേരത്തെ സൂചിപ്പിച്ച ആ ആളുകൾ ഭക്ഷണം കഴിച്ചു. അല്ലാഹു തആലാ ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഭക്ഷണത്തിൽ ഇപ്രകാരം അനുഗ്രഹം നൽകി.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അബൂബക്കർ(റ)ന്റെ മകൻ ഹദ്റത് അബ്ദുർറഹ്മാനും ഖിലാഫത്തിന് യോഗ്യനായിരുന്നു. അദ്ദേഹത്തിന്റെ സ്വഭാവം ഹദ്റത്ത് ഉമറിനേക്കാൾ സൗമ്യമാണെന്നും, യോഗ്യതയിൽ അദ്ദേഹത്തേക്കാൾ കുറവല്ലെന്നും അദ്ദേഹത്തെ അബൂബക്കർ(റ)നുശേഷം ഖലീഫയാക്കണം എന്നും ആളുകൾ പറഞ്ഞിരുന്നു. എന്നാൽ ഹദ്റത്ത് അബൂബക്കറിനും ഹദ്റത്ത് ഉമറിനും(റ.മാ) ഇടയിൽ സ്വഭാവവ്യത്യാസങ്ങൾ ഉണ്ടായിരുന്നിട്ടും ഹദ്റത്ത് ഉമറിനെയാണ് ഖിലാഫത്തിലേക്ക് തിരഞ്ഞെടുത്തത്. അതിനാൽ, ഹദ്റത്ത് അബൂബക്കർ ഖിലാഫത്തിൽ നിന്ന് വ്യക്തിപരമായ നേട്ടങ്ങളൊന്നും എടുത്തിരുന്നില്ല. മറിച്ച് അദ്ദേഹം ജനങ്ങളെ സേവിക്കുന്നതിനാണ് മുൻഗണന നൽകിയത്. സൂഫികളുടെ ഒരു നിവേദനമുണ്ട്, ഹദ്റത്ത് ഉമർ ഹദ്റത്ത് അബൂബക്കർ(റ)ന്റെ അടിമകളിൽ ഒരാളോട് നിങ്ങളുടെ യജമാനൻ ചെയ്തിരുന്ന ജോലികൾ ഏതൊക്കെയാണെന്ന് ചോദിച്ചു. എനിക്കും ആ ജോലികൾ ചെയ്യുവാനായിട്ടാണ്. ഹദ്റത്ത് അബൂബക്കർ(റ) എല്ലാ ദിവസവും റൊട്ടിയുമായി ഒരു സ്ഥലത്തേക്കു പോകാറുണ്ടെന്ന് ആ അടിമ പറഞ്ഞു. അങ്ങനെ ഹദ്റത്ത് ഉമർ(റ) ഈ അടിമയുമായി ആ ഭാഗത്തേക്ക് ഭക്ഷണവുമായി പോയി.

അവിടെ ഒരു ഗുഹയിൽ കൈയും കാലുമില്ലാത്ത ഒരു അന്ധൻ ഇരിക്കുന്നത് അദ്ദേഹം കണ്ടു. ഹദ്റത്ത് ഉമർ(റ) ഒരു കഷണം അവന്റെ വായിൽ വെച്ചു, അവൻ കരഞ്ഞു കൊണ്ട് പറഞ്ഞു: ഹദ്റത്ത് അബൂബക്കറിനോട് അല്ലാഹു കരുണ കാണിക്കട്ടെ; അദ്ദേഹം എങ്ങനെയുള്ള മനുഷ്യനായിരുന്നു. ഹദ്റത്ത് ഉമർ(റ) ചോദിച്ചു: അബൂബക്കർ മരിച്ചുവെന്ന് നിങ്ങൾ എങ്ങനെ അറിഞ്ഞു? എന്റെ വായിൽ പല്ലില്ലാത്തതിനാൽ അബൂബക്കർ കഷണങ്ങൾ ചവച്ച് ആണ് എന്റെ വായിൽ വെച്ചുതന്നിരുന്നത്. ഇന്ന് തന്ന കഷണം ഉറപ്പുള്ളതുകൊണ്ട് മറ്റാരോ ആണ് കഷണം എന്റെ വായിൽ വയ്ക്കുന്നത് എന്ന് എനിക്കു മനസ്സിലായി. അബൂബക്കർ ഒരിക്കലും ഹാജറാകാതിരുന്നിട്ടില്ല, ഇപ്പോൾ ഹാജറാകാതിരുന്നതിനാൽ അബൂബക്കർ തീർച്ചയായും ഈ ലോകത്ത് ഇല്ല. അപ്പോൾ ഹദ്റത്ത് അബൂബക്കറിന് രാജാധികാരത്തിൽ നിന്ന് ലഭിച്ച കാര്യം എന്തായിരുന്നു? അദ്ദേഹത്തിന് ഉണ്ടായിരുന്ന പ്രത്യേകത സൃഷ്ടിസേവനം ആയിരുന്നു.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: അല്ലാഹുവിനോടുള്ള കടമകളും ദസരോടുള്ള കടമകളും ശരീഅത്തിന്റെ രണ്ട് ഭാഗങ്ങളാണ്. തിരുനബി(സ) എത്രമാത്രം സമയം സേവനത്തിനായി ചെലവഴിച്ചുവെന്ന് നോക്കുക. ഹദ്റത്ത് അലിയുടെ അവസ്ഥ നോക്കുക, വസ്ത്രത്തിൽ കഷ്ണങ്ങളില്ലാതെ ഒരു സ്ഥലവുമുണ്ടായിരുന്നില്ല. ഹദ്റത്ത് അബൂബക്കർ വൃദ്ധയായ ഒരു സ്ത്രീക്ക് തുടർച്ചയായി ഹൽവ കൊടുക്കാൻ ഏർപ്പാട് ചെയ്തിരുന്നു. അതിൽ എന്തൊരു പ്രതിബദ്ധതയായിരുന്നു എന്ന് ചിന്തിക്കുക. ഹദ്റത്ത് അബൂബക്കർ മരണപ്പെട്ടപ്പോൾ, അബൂബക്കർ ഇന്ന് മരിച്ചുവെന്ന് ആ വൃദ്ധ പറഞ്ഞു. അയൽക്കാർ നിങ്ങൾക്ക് വെളിപാട് ഉണ്ടായോ എന്ന് ചോദിച്ചു. അവർ പറഞ്ഞു: ഇല്ല. എന്നാൽ ഇന്ന് ഹൽവയുമായി അബൂബക്കർ വന്നിട്ടില്ല, അത്കൊണ്ടാണ് മരിച്ചു എന്ന് ഞാൻ മനസ്സിലാക്കിയത്. അതായത് ജീവിതത്തിൽ ഒരു സാഹചര്യത്തിലും ഹൽവ എത്താതിരിക്കാൻ സാധ്യമല്ലായിരുന്നു. എത്രമാത്രം സേവനം ആയിരുന്നുവെന്ന് നോക്കുക, എല്ലാവരും സൃഷ്ടിസേവനത്തിൽ കർമനിരതരാകേണ്ടതാണ്.

ധീരതയുടെയും ആൾരൂപമായിരുന്നു ഹദ്റത്ത് അബൂബക്കർ. ഇസ്‌ലാമിന് വേണ്ടിയോ തിരുനബിയുടെ സ്നേഹംകൊണ്ടോ അദ്ദേഹം വലിയ അപകടങ്ങളെയൊന്നും ഗൗനിച്ചിരുന്നില്ല. മക്കാജീവിതത്തിൽ, തിരുനബി(സ)ക്ക് വ്യക്തിപരമായി എന്തെങ്കിലും ആപത്ത് ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് കണ്ടാൽ, നബി(സ)യെ സംരക്ഷിക്കാൻ ഒരു മതിലായി അദ്ദേഹം മുന്നിൽ നിൽക്കുമായിരുന്നു. ശിഅ്ബ് അബീത്വാലിബ് (താഴ്വരയി)ൽ മൂന്ന് വർഷം തടവിന്റെ കാലം വന്നപ്പോൾ, അദ്ദേഹം അവിടെ സ്ഥിരതയോടെ നിലകൊണ്ടു. ഹിജ്റത്തിന്റെ വേളയിൽ ജീവൻ അപകടത്തിലായിട്ടുപോലും അദ്ദേഹത്തിനു നബി(സ)യുടെ സഹവാസം ലഭിച്ചു. നടന്ന എല്ലാ യുദ്ധങ്ങളിലും അദ്ദേഹം പങ്കെടുക്കുക മാത്രമല്ല, തിരുനബി(സ്വ)യെ സംരക്ഷിക്കുക എന്ന കടമയും നിർവഹിച്ചു.

ഹദ്റത്ത് അലി(റ) ഒരിക്കൽ ആളുകളോട്, ആരാണ് ഏറ്റവും ധീരൻ എന്ന് ചോദിച്ചപ്പോൾ ആളുകൾ പറഞ്ഞു: താങ്കളാണ്. എന്നാൽ ഹദ്റത്ത് അലി(റ) പറഞ്ഞു: ഏറ്റവും ധീരൻ അബൂബക്കറാണ്; കാരണം ബദ്ർ യുദ്ധത്തിൽ അബൂബക്കർ അല്ലാഹുവിന്റെ ദൂതന്റെ അരികിൽ വാളുമേന്തി നിന്നു. അല്ലാഹുവിന്റെ റസൂലിന്റെ അടുക്കൽ എത്തുന്നതിനുമുമ്പ് ഒരു മുശ്രിക്കിന് ആദ്ദേഹത്തോട് പൊരുതേണ്ടിവരും. അതുപോലെ, ഉഹ്ദ് യുദ്ധത്തിൽ, അല്ലാഹുവിന്റെ റസൂൽ(സ്വ)ന്റെ ശഹാദത്തിന്റെ കിംവദന്തി പരന്നപ്പോൾ, ജനക്കൂട്ടത്തെ കീറിമുറിച്ച് ആദ്യമായി അല്ലാഹുവിന്റെ ദൂതന്റെ അടുത്തേക്ക് എത്തിയത് ഹദ്റത്ത് അബൂബക്കറായിരുന്നു. ആ സമയത്ത് തിരുനബിയുടെ കൂടെ ഉണ്ടായിരുന്ന പതിനൊന്ന് അനുചരന്മാരിൽ ഹദ്റത്ത് അബൂബക്കർ(റ)ന്റെ പേരും വരുന്നു. ഉഹ്ദ് യുദ്ധത്തിൽ തിരുനബിയുടെ സംരക്ഷണത്തിന് ജീവത്യാഗ സന്നദ്ധരായ എതാനും പേരിൽ ഹദ്റത്ത് അബൂബക്കർ(റ)ന്റെ പേരും വരുന്നു. ഖന്ദഖ് യുദ്ധത്തിൽ ഹദ്റത്ത് അബൂബക്കർ റസൂലുല്ലാഹി(സ്വ)യുടെ ഒപ്പം ഉണ്ടായിരുന്നു. ഹുദൈബിയ്യ സന്ധിയുടെ വേളയിൽ തങ്ങളുടെ ജീവൻ ബലിയർപ്പിക്കാൻ പ്രതിജ്ഞയെടുത്തവരിൽ അബൂബക്കർ ഉണ്ടായിരുന്നു. എന്നാൽ ഹുദൈബിയ്യ സന്ധിയിൽ ഉടമ്പടി എഴുതിയപ്പോൾ, ഹദ്റത്ത് അബൂബക്കർ(റ) സമർപ്പിച്ച വിശ്വാസ ധീരതയുടെയും സ്ഥൈര്യത്തിന്റെയും നബി(സ്വ)യോടുള്ള സ്നേഹത്തിന്റേയും അനുസരണത്തിന്റെയും മാതൃക ഹദ്റത്ത് ഉമർ(റ) തന്റെ പിന്നീടുള്ള ജീവിതത്തിൽ ഒരിക്കലും മറന്നിട്ടില്ല.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഒരിക്കൽ അവിശ്വാസികൾ നബി(സ്വ)യുടെ കഴുത്തിൽ മുണ്ട് ഇട്ടു ശക്തിയായി വലിക്കാൻ തുടങ്ങി. ഹദ്റത്ത് അബൂബക്കർ ഇതറിഞ്ഞപ്പോൾ ഓടിവന്ന് സത്യനിഷേധികളെ മാറ്റിക്കൊണ്ട് പറഞ്ഞു: ജനങ്ങളേ! അല്ലാഹു എന്റെ റബ്ബാണ് എന്ന് പറഞ്ഞതുകൊണ്ട് മാത്രം നിങ്ങൾ ഒരാളെ മർദിക്കുകയാണോ? നിങ്ങൾ ദൈവത്തെ ഭയപ്പെടുന്നില്ലേ.? അദ്ദേഹം നിങ്ങളോട് സ്വത്ത് ഒന്നും ചോദിക്കുന്നില്ലെന്നിരിക്കെ പിന്നെ എന്തിനാണ് നിങ്ങൾ അവനെ മർദിക്കുന്നത്? സ്വഹാബികൾ പറയുന്നു: ഹദ്റത്ത് അബൂബക്കർ(റ)നെ ഞങ്ങളുടെ കാലത്ത് ഏറ്റവും ധീരനായ വ്യക്തിയായി ഞങ്ങൾ കണക്കാക്കിയിരുന്നു. മുഹമ്മദ്(സ്വ)നെ വധിച്ചാൽ ഇസ്‌ലാം അവസാനിക്കുമെന്ന് ശത്രുക്കൾക്ക് അറിയാമായിരുന്നതിനാൽ, ഹദ്റത്ത് അബൂബക്കർ, ആരെങ്കിലും റസൂൽ(സ്വ)യെ ആക്രമിച്ചാൽ തന്റെ നെഞ്ച് വിരിച്ച് കാണിക്കാനായി അല്ലാഹുവിന്റെ റസൂൽ(സ്വ)യുടെ അടുത്ത് തന്നെ എപ്പോഴും നിൽക്കുന്നത് ആണ് ഞങ്ങൾ കണ്ടിരുന്നത്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ബൈത്തുൽ മുഖദ്ദസിലേക്കുള്ള യാത്രയിൽ ജിബ്‌രീൽ നബി(സ)യുടെ കൂടെ ഉണ്ടായിരുന്നത്പോലെ ഹിജ്റത്തിൽ അബൂബക്കർ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അല്ലാഹുവിന്റെ അധികാരത്തിൻ കീഴിൽ ജിബ്‌രീൽ പ്രവർത്തിക്കുന്നതുപോലെ അദ്ദേഹം തിരുനബി(സ)ക്കു വിധേയനായി പ്രവർത്തിച്ചു. ദൈവത്തിന്റെ പോരാളി എന്നാണ് ജിബ്‌രീലിന്റെ അർഥം. ഹദ്റത്ത് അബൂബക്കർ അല്ലാഹു തആലായുടെ ഒരു പ്രത്യേക സേവകൻ ആയിരുന്നു. മതത്തിനുവേണ്ടി നിർഭയനായ പോരാളിയായിരുന്നു. തന്റെ മരണത്തിന്മുമ്പ് നബി(സ) ഹദ്റത്ത് ആയിശയോട് പറഞ്ഞു: എനിക്ക്ശേഷം അബൂബക്കറിനെ ഖലീഫയാക്കാൻ ജനങ്ങളോട് പറയാനുള്ള ആഗ്രഹം എന്റെ ഹൃദയത്തിൽ വീണ്ടും വീണ്ടും ഉയർന്നുവരുന്നു. പക്ഷേ എന്റെ മരണശേഷം സർവ്വശക്തനായ അല്ലാഹുവും അവന്റെ വിശ്വാസികളായ ദാസന്മാരും അബൂബക്കറിനെയല്ലാതെ മറ്റാരെയും ഖലീഫയായി നിയമിക്കില്ല എന്ന് എന്റെ ഹൃദയം അറിയുന്നതിനാൽ ഞാൻ അത് പറയാതിരിക്കുകയാണ്. അങ്ങനെ തന്നെയാണ് (പിന്നീട്) സംഭവിച്ചതും.

ഹദ്റത്ത് അബൂബക്കർ(റ) തന്റെ ജീവിതത്തിൽ ചെയ്തത് അദ്ദേഹത്തിന്റെ തന്നെ വിഹിതമായിരുന്നു. മറ്റൊരു വ്യക്തിക്കും ആ ജോലി ചെയ്യാൻ കഴിയുമായിരുന്നില്ല. അദ്ദേഹം വളരെ ആർദ്രഹൃദയനായിരുന്നുവെങ്കിലും, തിരുനബിയുടെ മരണശേഷം, ചിലർ സകാത്ത് നൽകാൻ വിസമ്മതിച്ചപ്പോൾ, ഏതാണ്ട് മുഴുവൻ അറബികളും വിശ്വാസത്യാഗം ചെയ്ത അത്തരമൊരു നിർണായക സമയത്ത്, ഹദ്റത്ത് ഉമർ ഉൾപ്പെടെ മറ്റ് സ്വഹാബികൾ പറഞ്ഞു: അവരോട് മൃദുല സമീപനം കൈകൊള്ളുക, ആദ്യം സത്യനിഷേധികളെ കീഴ്പ്പെടുത്തുക, എന്നിട്ട് ഇവരെ പരിഷ്കരിക്കുകയും ചെയ്യാം. എന്നാൽ അബൂബക്കർ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂൽ(സ) നൽകിയ ഉത്തരവ് മാറ്റാൻ ഇബ്നു ഖഹാഫയുടെ മകന് എന്ത് അധികാരമാണുള്ളത്? അവർ സകാത്ത് പൂർണമായി നൽകുന്നതുവരെ ഞാൻ അവരോട് യുദ്ധം ചെയ്യുന്നതാണ്. അല്ലാഹു സൃഷ്ടിച്ച ഖലീഫ എത്ര ധീരനാണെന്ന് സ്വഹാബികൾക്ക് അപ്പോഴാണ് മനസ്സിലായത്. അവസാനം ഹദ്റത്ത് അബൂബക്കർ(റ) അവരെ കീഴടക്കി അവരിൽനിന്ന് സകാത്ത് വാങ്ങി.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: സ്വഹാബികളുടെ അവസ്ഥ നോക്കുക, പരീക്ഷണ സമയം വന്നപ്പോൾ അവർ തങ്ങൾക്കുള്ളതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ നൽകി. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് പുതപ്പ് ധരിച്ച് വന്നു; അതായത് ഒരു പുതപ്പ് മാത്രം ധരിച്ച് മറ്റെല്ലാം തന്നെ ദൈവമാർഗത്തിൽ നൽകി. പിന്നീട് അല്ലാഹു അദ്ദേഹത്തിന് അതിന്റെ പ്രതിഫലവും നൽകി. ചുരുക്കത്തിൽ യഥാർഥ നന്മക്കും മേന്മക്കും ആത്മീയ ആനന്ദം ലഭ്യമാകുന്നതിനും ആ സമ്പത്ത് മാത്രമേ പ്രയോജനപ്പെടുകയുള്ളൂ. നന്മയും ആത്മീയ അനുഭൂതികളും കരസ്ഥമാകുന്നതിനു ദൈവമാർഗത്തിൽ ചെലവഴിച്ച സമ്പത്ത് മാത്രമേ ഉപകാരപ്പെടുകയുള്ളൂ..

ബാക്കിയുള്ള പരമർശങ്ങൾ പിന്നീട് പറയുന്നതാണ്. ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ ـ وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarack U.K. – on 25.11.2022
Malayalam Translation & Typing: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.
**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**